# മുസ്ലിം സമൂഹമേ! നമുക്കൊരുമിക്കാം...

അബ്ദുൽ മുഹ്സിൻ ഐദീദ് وَفَّقَهُ اللَّهُ تَعَالَى

അല്ലാഹുവിന്റെ പാശത്തിൽ ഒരുമിച്ച് മുറുകെ പിടിക്കുക എന്നതും, മുസ്ലിംകളുടെ വാക്കുകളിലും പ്രവൃത്തികളിലും ഒരുമയുണ്ടാകുകയെന്നതും, സാധ്യമായ വഴികളെല്ലാം ഇതിനായി മാറ്റിവെക്കുക എന്നതും അല്ലാഹുവിന്റെ ദീനിലെ അതിമഹത്തരമായ കൽപ്പനകളിൽ ഒന്നാണ്.

അല്ലാഹു -تَعَالَى- പറഞ്ഞു:

«يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ * وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا»

"മുഅ്മിനീങ്ങളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്. നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്. " (ആലു ഇംറാൻ: ൧൦൨)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ഖുർതുബി -رَحِمَهُ اللَّهُ- പറഞ്ഞു: "യഹൂദ നസ്വാറാക്കൾ തങ്ങളുടെ ദീനിന്റെ കാര്യത്തിൽ ഭിന്നിച്ചതു പോലെ നിങ്ങളും ഭിന്നിക്കരുതെന്നാണ് ഈ ആയത്തിന്റെ ഉദ്ദേശമെന്ന് ഇബ്നു മസ്ഊദിൽ നിന്നും മറ്റും വന്നിട്ടുണ്ട്. ദേഹേഛകളുടെയും വ്യത്യസ്തങ്ങളായ ലക്ഷ്യങ്ങളുടെയും പേരിൽ നിങ്ങൾ ഭിന്നിക്കരുതെന്നും, അല്ലാഹുവിന്റെ ദീനിൽ പരസ്പര സഹോദരങ്ങളെ പോലെ നിങ്ങൾ നിലകൊള്ളണമെന്നുമാകാം ഉദ്ദേശം... ശാഖാപരമായ വിഷയങ്ങളിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പോലും ദീനിൽ അനുവദനീയമല്ലെന്നല്ല ഈ ആയത്തിന്റെ ഉദ്ദേശം. കാരണം അത്തരം വിഷയങ്ങളിലുള്ള അഭിപ്രായവ്യത്യാസങ്ങൾ യഥാർഥ അഭിപ്രായവ്യത്യാസമേയല്ല. സ്വഹാബികൾ എത്ര വിഷയങ്ങളിലാണ് പരസ്പരം അഭിപ്രായവ്യത്യാസത്തിലായിരുന്നത്; അതോടൊപ്പം അവർ യോജിപ്പിലും ഐക്യത്തിലും നിലകൊള്ളുകയും ചെയ്തു... **ശരിയായ അഭിപ്രായവ്യത്യാസം യോജിപ്പും ഐക്യവും ഇല്ലാതെയാക്കുന്ന തരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളാണ്."** (തഫ്സീറുൽ ഖുർതുബി: ൪/൧൫൯)

അല്ലാഹു മുസ്ലിംകൾക്കിടയിൽ യോജിപ്പിനെ ഇഷ്ടപ്പെടുന്നു; അകൽച്ചയെയും ഭിന്നതയെയും വെറുക്കുന്നു.

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللَّهِ -ﷺ- : «إِنَّ اللَّهَ يَرْضَى لَكُمْ ثَلَاثًا، وَيَكْرَهُ لَكُمْ ثَلَاثًا، فَيَرْضَى لَكُمْ: أَنْ تَعْبُدُوهُ، وَلَا تُشْرِكُوا بِهِ شَيْئًا، وَأَنْ تَعْتَصِمُوا بِحَبْلِ اللهِ جَمِيعًا وَلَا تَفَرَّقُوا، وَيَكْرَهُ لَكُمْ: قِيلَ وَقَالَ، وَكَثْرَةَ السُّؤَالِ، وَإِضَاعَةِ الْمَالِ »

നബി -ﷺ- പറഞ്ഞു: "അല്ലാഹു മൂന്ന് കാര്യങ്ങൾ നിങ്ങളിൽ തൃപ്തിപ്പെടുകയും, മൂന്ന് കാര്യങ്ങൾ വെറുക്കുകയും ചെയ്തിരിക്കുന്നു. അവനെ മാത്രം നിങ്ങൾ ആരാധിക്കുക, അവനിൽ നിങ്ങൾ ഒന്നിനെയും പങ്കു ചേർക്കാതിരിക്കുക, അല്ലാഹുവിന്റെ പാശത്തിൽ നിങ്ങളെല്ലാവരും മുറുകെ പിടിക്കുകയും ഭിന്നിക്കാതിരിക്കുകയും ചെയ്യുക എന്നത് അവൻ നിങ്ങളിൽ തൃപ്തിപ്പെട്ടിരിക്കുന്നു. 'ഖാല-ഖീലകളും' (അടിസ്ഥാനമില്ലാത്ത വാക്കുകൾ), ചോദ്യങ്ങൾ അധികരിപ്പിക്കുന്നതും, സമ്പത്ത് പാഴാക്കുന്നതും അവൻ നിങ്ങളിൽ വെറുത്തിരിക്കുന്നു." (മുസ്ലിം: ൧൭൧൫)

ജാഹിലിയ്യത്തിൽ ഭിന്നിപ്പും അകൽച്ചയും നിലനിന്നിരുന്ന അവസ്ഥയിൽ നിന്ന് ഒരുമയിലേക്കും ഐക്യത്തിലേക്കും സ്വഹാബികളെ നയിച്ചു എന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് അവൻ പലയിടത്തും ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ഒരുമിച്ചു നിൽക്കാൻ കഴിയുക എന്നത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഏറ്റവും വലുതാണ്. ഭൂമി മുഴുവൻ പകരമായി നൽകിയാലും അതിന് പകരമാവില്ല.

അല്ലാഹു -تَعَالَى- പറഞ്ഞു:

«وَأَلَّفَ بَيْنَ قُلُوبِهِمْ لَوْ أَنفَقْتَ مَا فِي الْأَرْضِ جَمِيعًا مَّا أَلَّفْتَ بَيْنَ قُلُوبِهِمْ وَلَٰكِنَّ اللَّهَ أَلَّفَ بَيْنَهُمْ إِنَّهُ عَزِيزٌ حَكِيمٌ»

"അവരുടെ ഹൃദയങ്ങൾ തമ്മിൽ അവൻ ഇണക്കിചേർക്കുകയും ചെയ്തിരിക്കുന്നു. ഭൂമിയിലുള്ളത് മുഴുവൻ നീ ചെലവഴിച്ചാൽ പോലും അവരുടെ ഹൃദയങ്ങൾ തമ്മിൽ ഇണക്കിചേർക്കാൻ നിനക്ക് സാധിക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവരെ തമ്മിൽ ഇണക്കിചേർത്തിരിക്കുന്നു. തീർച്ചയായും അവൻ അസീസും (പ്രതാപി) ഹകീമും (യുക്തമായത് ചെയ്യുന്നവൻ) ആകുന്നു." (അൻഫാൽ: ൬൩)

അല്ലാഹു -تَعَالَى- പറഞ്ഞു:

«وَاذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَاءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِ إِخْوَانًا وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ النَّارِ فَأَنقَذَكُم مِّنْهَا كَذَٰلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ لَعَلَّكُمْ تَهْتَدُونَ»

"നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ നരകത്തിന്റെ വക്കിലായിരുന്നു. എന്നിട്ടതിൽ നിന്ന് നിങ്ങളെ അവൻ രക്ഷപ്പെടുത്തി. അപ്രകാരം അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുന്നു; നിങ്ങൾ നേർമാർഗം പ്രാപിക്കുവാൻ വേണ്ടി." (ആലു ഇംറാൻ: ൧൦൩)

മുസ്ലിം ഉമ്മത്തിനിടയിൽ ഐക്യമുണ്ടാകാൻ അല്ലാഹുവിന്റെ അപാരമായ തൗഫീഖ് അനിവാര്യമാണെന്ന് ഈ ആയത്തിൽ നിന്ന് മനസ്സിലാക്കാം. ഐഹികമായ നേട്ടങ്ങളോ സൗകര്യങ്ങളോ അല്ല അവരെ ഒരുമിപ്പിക്കുക; മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹം മാത്രമാണ്. അല്ലാഹു ഒരുമിപ്പിച്ചവയെ അകറ്റാൻ ആർക്കും കഴിയില്ല; അവൻ അകറ്റിയവരെ ഒരുമിപ്പിക്കാൻ ഒന്നിനും സാധിക്കില്ല.

عَنْ ابْنِ عَبَّاسٍ قَالَ: «إِنَّ الرَّحِمَ لَتُقْطَعُ، وَإِنَّ النِّعْمَةَ لَتُكْفَرُ، وَإِنَّ اللَّهَ إِذَا قَارَبَ بَيْنَ الْقُلُوبِ لَمْ يُزَحْزِحْهَا شَيْءٌ»

ഇബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- പറഞ്ഞു: "കുടുംബബന്ധങ്ങൾ മുറിഞ്ഞേക്കാം. അനുഗ്രഹങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്തേക്കാം. എന്നാൽ അല്ലാഹു ഹൃദയങ്ങളെ അടുപ്പിച്ചാൽ അതിനെ ഇളക്കാൻ ഒന്നിനും സാധിക്കില്ല." (ഇബ്നു കഥീർ: ൪/൮൭)

അല്ലാഹുവിന്റെ ദീനിലേക്ക് ഹിദായത്ത് ലഭിക്കുക എന്ന അതിമഹത്തരമായ അനുഗ്രഹം ഒഴിച്ചു നിർത്തിയാൽ ഏറ്റവും വലിയ അനുഗ്രഹം മുസ്ലിംകൾക്കിടയിൽ പരസ്പരം ഐക്യമുണ്ടാവലാണ്. നബി-ﷺ-യുടെ ഈ ഹദീഥ് അതിനുള്ള സൂചനയാണ്.

«يَا مَعْشَرَ الأَنْصَارِ، أَلَمْ أَجِدْكُمْ ضُلَّالًا فَهَدَاكُمُ اللَّهُ بِي، وَكُنْتُمْ مُتَفَرِّقِينَ فَأَلَّفَكُمُ اللَّهُ بِي، وَعَالَةً فَأَغْنَاكُمُ اللَّهُ بِي»

അവിടുന്ന് പറഞ്ഞു: "ഹേ അൻസ്വാരീ സമൂഹമേ! വഴിതെറ്റിയവരായല്ലേ ഞാൻ നിങ്ങളെ കണ്ടെത്തിയത്; അല്ലാഹു എന്നെ കൊണ്ട് നിങ്ങൾക്ക് ഹിദായത് (സന്മാർഗം) കാണിച്ചു തന്നില്ലേ?! **ഭിന്നിച്ചു നിന്നവരായിരുന്നില്ലേ (നിങ്ങൾ)? അല്ലാഹു എന്നെ കൊണ്ട് നിങ്ങളെ ഒരുമിപ്പിച്ചില്ലേ?!** ദരിദ്രരായിരുന്നില്ലേ (നിങ്ങൾ)? അല്ലാഹു എന്നെ കൊണ്ട് നിങ്ങൾക്ക് ധന്യത നൽകിയില്ലേ?!" (ബുഖാരി: ൪൩൩൦, മുസ്ലിം: ൧൦൬൧)

ഹാഫിദ് ഇബ്നു ഹജർ -رَحِمَهُ اللَّهُ- പറഞ്ഞു: "അൻസ്വാരികൾക്ക് തന്നെ കൊണ്ടുണ്ടായ അനുഗ്രഹങ്ങൾ വളരെ മനോഹരമായാണ് നബി -ﷺ- ഈ ഹദീഥിൽ ക്രമപ്പെടുത്തിയിരിക്കുന്നത്. ദുനിയാവിലെ എല്ലാ അനുഗ്രഹങ്ങളെക്കാളും മഹത്തരമായ ഈമാൻ -ഇസ്ലാമിലേക്ക് വഴികാണിച്ചു എന്നത്- അവിടുന്ന് ആദ്യം ഓർമ്മപ്പെടുത്തി. രണ്ടാമത് നബി -ﷺ- ഒരുമയെ കുറിച്ചാണ് പറഞ്ഞത്. സമ്പത്തിനെക്കാളും മറ്റുമെല്ലാം മഹത്തരമായ അനുഗ്രഹം ഒരുമയാണ്. നബി -ﷺ- മദീനയിലേക്ക് ഹിജ്റ (പാലായനം) ചെയ്തു വരുന്നതിന് മുൻപ് അൻസ്വാരികൾ അങ്ങേയറ്റത്തെ അകൽച്ചയിലായിരുന്നു. ബുആഥ് യുദ്ധം പോലുള്ളവ അതിന് ഉദാഹരണമാണ്." (ഫത്ഹുൽ ബാരി: ൮/൫൦)

നബി -ﷺ- സ്വഹാബികളെ ഒരുമയിലാണ് വളർത്തിയത്. ഭിന്നിപ്പും ചിദ്രതയും കക്ഷിത്വവും കക്ഷികളുമൊന്നും അവർക്കിടയിലുണ്ടായിരുന്നില്ല. അത് അൻസ്വാരികളുടെ മാത്രം വിശേഷണമായിരുന്നില്ല; സ്വഹാബികളുടെ മുഴുവൻ വിശേഷണമായിരുന്നു. അല്ലാഹു -تَعَالَى- പറഞ്ഞു:

«مُحَمَّدٌ رَسُولُ اللَّهِ وَالَّذِينَ مَعَهُ أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ»

"മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ കാഫിറുകളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു." (ഫത്ഹ്: ൨൯)

ഇബ്നു കഥീർ -رَحِمَهُ اللَّهُ- പറഞ്ഞു: "ഇത് മുഅ്മിനീങ്ങളുടെ വിശേഷണമാണ്. അവർ കാഫിറുകളോട് കഠിനരും പരുഷതയുള്ളവരുമായിരിക്കും. എന്നാൽ മുഅ്മിനീങ്ങളോട് കാരുണ്യത്തോടും നന്മയോടും കൂടിയേ വർത്തിക്കുകയുള്ളൂ. കാഫിറിനെ കാണുമ്പോൾ അവരുടെ മുഖം ചുളിയുകയും ദേഷ്യം പ്രകടമാവുകയും ചെയ്യും. എന്നാൽ മുഅ്മിനിനെ സ്വീകരിക്കുക പുഞ്ചിരിച്ചും വിശാലതയോടുമായിരിക്കും." (ഇബ്നു കഥീർ: ൭/൩൬൦)

എന്നാൽ ഇന്ന് മുസ്ലിമീങ്ങൾ ഇതിന് നേർവിപരീതമായിരിക്കുന്നു. അല്ലാഹുവിനെയും റസൂലിനെയും നിഷേധിച്ച കാഫിറിനെ ബഹുമാനിക്കുവാനും ആദരിച്ചിരുത്തുവാനും അവർ മത്സരിക്കുന്നു; അവരുടെ പ്രശംസകളും പ്രോത്സാഹനങ്ങളും അവരെ കോൾമയിർ കൊള്ളിക്കുന്നു. എന്നാൽ മുഅ്മിനീങ്ങളോടാകട്ടെ; പരുഷതയും വെറുപ്പും കാണിക്കുന്നവരായി അവർ മാറിയിരിക്കുന്നു! അല്ലാഹുവോടല്ലാതെ മറ്റാരോടാണ് നാം ആവലാതി ബോധിപ്പിക്കുക!

മുഅ്മിനീങ്ങളുടെ അടയാളം എത്ര മനോഹരമായാണ് നബി -ﷺ- വിവരിച്ചതെന്ന് നോക്കൂ! അവിടുന്ന് പറഞ്ഞു:

عَنِ النُّعْمَانِ بْنِ بَشِيرٍ قَالَ: قَالَ رَسُولُ اللَّهِ -ﷺ-: «مَثَلُ الْمُؤْمِنِينَ فِي تَوَادِّهِمْ، وَتَرَاحُمِهِمْ، وَتَعَاطُفِهِمْ مَثَلُ الْجَسَدِ إِذَا اشْتَكَى مِنْهُ عُضْوٌ تَدَاعَى لَهُ سَائِرُ الْجَسَدِ بِالسَّهَرِ وَالْحُمَّى»

"പരസ്പരമുള്ള സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അടുപ്പത്തിന്റെയും കാര്യത്തിൽ മുഅ്മിനീങ്ങൾ ഒരു ശരീരം പോലെയാണ്. അതിൽ ഏതെങ്കിലും ഒരു അവയവത്തിന് അസുഖം ബാധിച്ചാൽ ശരീരം മുഴുവൻ ഉറക്കമിളിച്ചും പനിച്ചും പരസ്പരം അതിൽ പങ്കുചേരുകയും, (പ്രയാസപ്പെടുകയും ചെയ്യും)." (മുസ്ലിം: ൨൫൮൬)

ശൈഖ് ഉഥൈമീൻ -رَحِمَهُ اللَّهُ- പറഞ്ഞു: "നിന്റെ ശരീരത്തിലെ അവയവങ്ങളിൽ ഏതെങ്കിലുമൊന്നിന് വേദന അനുഭവപ്പെട്ടാൽ അത് നിന്റെ ശരീരത്തിൽ മുഴുവൻ പടരുന്നതായി കാണാം. ഇത് പോലെയായിരിക്കണം മുസ്ലിമീങ്ങൾ. അവരിലൊരാൾക്ക് വേദന വന്നാൽ അത് നിനക്ക് കൂടി ബാധകമായത് പോലെയാണ്." (ശർഹു രിയാദിസ്സ്വാലിഹീൻ: ൨/൩൯൪)

മുസ്ലിം ഉമ്മത്തിന്റെ ഒരുമയുടെ വഴികൾ ഊട്ടിയുറപ്പിക്കുന്നതിന് വേണ്ടി, നന്മകളിൽ പരസ്പരം സഹകരിക്കാനും തിന്മകളിൽ പരസ്പര സഹായങ്ങൾ ചെയ്യരുതെന്നും അല്ലാഹു ഓർമ്മപ്പെടുത്തി.

«وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ»

"പുണ്യത്തിലും തഖ് വയിലും (സൂക്ഷ്മത) നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക." (മാഇദ: ൨)

ഭിന്നിപ്പിനും ചിദ്രതക്കും കാരണമാകുന്ന എല്ലാ വഴികളെയും നബി -ﷺ- കൊട്ടിയടച്ചു. മുസ്ലിം സഹോദരങ്ങൾക്കിടയിൽ അകൽച്ചയുണ്ടാക്കുന്ന ഗീബതിനെയും (പരദൂഷണം) നമീമതിനെയും (ഏഷണി) ചതിയെയും അസൂയയെയുമെല്ലാം അവിടുന്ന് വിരോധിച്ചു.

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللَّهِ -ﷺ-: «لَا تَحَاسَدُوا، وَلَا تَنَاجَشُوا، وَلَا تَبَاغَضُوا، وَلَا تَدَابَرُوا، وَلَا يَبِعْ بَعْضُكُمْ عَلَى بَيْعِ بَعْضٍ، وَكُونُوا عِبَادَ اللَّهِ إِخْوَانًا الْمُسْلِمُ أَخُو الْمُسْلِمِ، لَا يَظْلِمُهُ وَلَا يَخْذُلُهُ، وَلَا يَحْقِرُهُ»

അവിടുന്ന് പറഞ്ഞു: "നിങ്ങൾ പരസ്പരം അസൂയ വെക്കരുത്. നിങ്ങൾ കച്ചവടച്ച

രക്കിന് വില കൂട്ടിപ്പറയരുത്. പരസ്പരം വെറുക്കരുത്. പിന്തിരിഞ്ഞു കളയരുത്. നിങ്ങളിൽ ചിലർ മറ്റു ചിലരുടെ കച്ചവടത്തിന് മേൽ കച്ചവടം ചെയ്യരുത്. അല്ലാഹുവിന്റെ അടിമകളായി, പരസ്പര സഹോദരങ്ങളാവുക നിങ്ങൾ. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്. അവൻ (തന്റെ സഹോദരനെ) വഞ്ചിക്കുകയോ, ചതിക്കുകയോ, കളവാക്കുകയോ ഇല്ല." (ബുഖാരി: ൪൩൪൨, മുസ്ലിം: ൪൬൫൦)

ശൈഖ് ഉഥൈമീൻ -رَحِمَهُ اللَّهُ- പറഞ്ഞു: "ഈ ഹദീഥിൽ പരാമർശിക്കപ്പെട്ട സാഹോദര്യം ബന്ധങ്ങളിൽ ഏറ്റവും ശക്തമായതാണ്. രക്തബന്ധത്തെക്കാൾ ഉറച്ചതാണത്. കാരണം നിന്റെ കുടുംബബന്ധത്തിലുള്ളവർ ചിലപ്പോൾ നിന്നെ വെറുക്കുകയും നിന്റെ ശത്രുവായി മാറുകയും ചെയ്തേക്കാം. ദുനിയാവിലും ആഖിറത്തിലും അതിന് സാധ്യതയുണ്ട്. അല്ലാഹു -تَعَالَى- പറഞ്ഞു:

«الْأَخِلَّاءُ يَوْمَئِذٍ بَعْضُهُمْ لِبَعْضٍ عَدُوٌّ إِلَّا الْمُتَّقِينَ»

"സുഹൃത്തുക്കൾ ആ ദിവസം അന്യോന്യം ശത്രുക്കളായിരിക്കും. സൂക്ഷ്മത പാലിക്കുന്നവരൊഴികെ." (സുഖ്റുഫ്: ൬൭)

എന്നാൽ മതപരമായ സാഹോദര്യബന്ധമാകട്ടെ; അത് ദുനിയാവിലും ആഖിറത്തിലും കൂടുതൽ വേരുറക്കുന്നതാണ്. അതവന് ഇവിടെയും നാളെ പരലോകത്തും സഹായകമാകും." (ശർഹു രിയാദിസ്സ്വാലിഹീൻ: ൨/൫൬൬)

ഒരുമിച്ചു നിൽക്കാനും ഐക്യപ്പെടാനുമുള്ള ഈ കൽപ്പനകൾക്കെല്ലാം പുറമെ, ഇസ്ലാമിലെ അനേകം ഇബാദതുകൾ കൂട്ടമായി -ഒരുമിച്ച്- നിർവ്വഹിക്കണമെന്ന് അല്ലാഹുവും റസൂലും അവരോട് കൽപ്പിച്ചിരിക്കുന്നു. നിസ്കാരവും ഹജ്ജും ജുമുഅകളും പെരുന്നാൾ നിസ്കാരങ്ങളും ജിഹാദും മറ്റുമെല്ലാം ഒരുമിച്ചാണ് നിർവ്വഹിക്കപ്പെടേണ്ടത് എന്നതിൽ നിന്ന് മുസ്ലിം ഉമ്മത്തിനിടയിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട ഐക്യത്തിന്റെയും യോജിപ്പിന്റെയും പ്രാധാന്യം മനസ്സിലാക്കാം.

ഭിന്നിപ്പിന്റെ വളരെ ചെറിയ സാധ്യതകളെ പോലും റസൂൽ -ﷺ- ദീനിൽ വെച്ചു പൊറുപ്പിച്ചില്ല. നിസ്കാരത്തിന് നിൽക്കുമ്പോൾ സ്വഫ്ഫുകൾക്കിടയിൽ വിടവുണ്ടാവുക എന്നത് പുറമേക്ക് അകൽച്ച തോന്നിപ്പിക്കുന്നു എന്നതിനാൽ അവിടുന്ന് അതിനെ ഗൗരവത്തിൽ കണ്ടു. ഹൃദയങ്ങളിൽ ഭിന്നിപ്പുണ്ടാക്കാൻ അത് കാരണമാകുമെന്ന് അവിടുന്ന് താക്കീത് ചെയ്തു.

عَنِ النُّعْمَانَ بْنَ بَشِيرٍ يَقُولُ أَقْبَلَ رَسُولُ اللَّهِ -ﷺ- عَلَى النَّاسِ بِوَجْهِهِ فَقَالَ «**أَقِيمُوا صُفُوفَكُمْ**» ثَلاَثًا «**وَاللَّهِ لَتُقِيمُنَّ صُفُوفَكُمْ أَوْ لَيُخَالِفَنَّ اللَّهُ بَيْنَ قُلُوبِكُمْ**»

നിസ്കാരത്തിന് നിന്നാൽ നബി -ﷺ- ജനങ്ങളുടെ നേർക്ക് തിരിഞ്ഞു നിന്നു കൊണ്ട് -"നിങ്ങളുടെ സ്വഫ്ഫുകൾ ശരിയാക്കുക"- എന്ന് മൂന്ന് തവണ പറയുമായിരുന്നു. ശേഷം അവിടുന്ന് പറയും: "അല്ലാഹു സത്യം! നിങ്ങളുടെ സ്വഫുകൾ നിങ്ങൾ ശരിയാക്കുക തന്നെ വേണം. ഇല്ലെങ്കിൽ അല്ലാഹു നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ അകൽച്ചയുണ്ടാക്കിയേക്കാം." (ബുഖാരി: ൭൧൭, മുസ്ലിം: ४൩൬)

മുസ്ലിംകൾക്കിടയിൽ ഒരുമയും ഐക്യവും ഉണ്ടാക്കുന്നതിന് വലിയ പ്രതിഫലമാണ് നബി -ﷺ- വാഗ്ദാനം ചെയ്തിട്ടുള്ളത്. അവിടുന്ന് പറഞ്ഞു:

عَنْ أَبِي الدَّرْدَاءِ، قَالَ: قَالَ رَسُولُ اللَّهِ -ﷺ-: «**أَلَا أُخْبِرُكُمْ بِأَفْضَلَ مِنْ دَرَجَةِ الصِّيَامِ وَالصَّلَاةِ وَالصَّدَقَةِ**»، قَالُوا: بَلَى، قَالَ: «**صَلَاحُ ذَاتِ البَيْنِ، فَإِنَّ فَسَادَ ذَاتِ البَيْنِ هِيَ الحَالِقَةُ، لَا أَقُولُ تَحْلِقُ الشَّعَرَ، وَلَكِنْ تَحْلِقُ الدِّينَ**»

"നോമ്പിനും നിസ്കാരത്തിനും, ദാനധർമ്മത്തിനുമുള്ള പദവിയെക്കാൾ ശ്രേഷ്ഠമായ കാര്യം നിങ്ങൾക്ക് അറിയിച്ചു തരട്ടയോ?" സ്വഹാബികൾ പറഞ്ഞു: അതെ, അല്ലാഹുവിന്റെ റസൂലേ!" നബി -ﷺ- പറഞ്ഞു: "(അകൽച്ചയുള്ള) രണ്ടു പേർക്കിടയിൽ യോജിപ്പുണ്ടാക്കലാണ്. രണ്ടു പേർക്കിടയിൽ അകൽച്ചയുണ്ടാകുക എന്നത് മുണ്ഡനം ചെയ്യുന്നതാണ്. മുടി മുണ്ഡനം ചെയ്യുമെന്നല്ല ഞാൻ പറയുന്നത്; മറിച്ച് ദീനിനെ ഇല്ലാതെയാക്കുമെന്നാണ്." (തിർമിദി: ൨൫൦൮)

"അകൽച്ച നിലനിൽക്കുന്നവർക്കിടയിൽ യോജിപ്പുണ്ടാക്കാൻ ശ്രമിക്കണമെന്ന ശക്തമായ പ്രോത്സാഹനമാണ് ഈ ഹദീഥിലുള്ളത്. കാരണം അല്ലാഹുവിന്റെ പാശത്തിൽ മുറുകെ പിടിക്കുന്നതിനും, മുസ്ലിംകൾക്കിടയിൽ ഭിന്നിപ്പുണ്ടാകാതിരിക്കുന്നതിനും കാരണമാകുന്നതാണത്. മുസ്ലിംകൾക്കിടയിലെ ഭിന്നിപ്പുകൾ ദീനിലുണ്ടാകുന്ന വിള്ളലുകളാണ്. സ്വന്തത്തിന് വേണ്ടി നിസ്കാരത്തിലും നോമ്പിലും മുഴുകിയിരിക്കുന്ന വ്യക്തിയെക്കാൾ പ്രതിഫലം രണ്ടു പേർക്കിടയിൽ ഐക്യമുണ്ടാക്കാൻ ശ്രമിക്കുന്നവർക്ക് ലഭിക്കുന്നതും ഇത് കൊണ്ടാണ്." (തുഹ്ഫതുൽ അഹ്വദി: ൭/൧൯൬)

ഇസ്ലാമിക സമൂഹത്തിൽ ഐക്യം നിലനിർത്തേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കി തരുന്ന ഹദീഥുകളിൽ പെട്ടതാണ് പരസ്പരം സലാം പറയേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് നബി -ﷺ- അറിയിച്ച ഹദീഥുകൾ.

«لَا تَدْخُلُونَ الْجَنَّةَ حَتَّى تُؤْمِنُوا، وَلَا تُؤْمِنُوا حَتَّى تَحَابُّوا، أَوَلَا أَدُلُّكُمْ عَلَى شَيْءٍ إِذَا فَعَلْتُمُوهُ تَحَابَبْتُمْ؟ أَفْشُوا السَّلَامَ بَيْنَكُمْ»

"അല്ലാഹു സത്യം! നിങ്ങൾ മുഅ്മിനീങ്ങളാകുന്നത് വരെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കുന്നത് വരെ നിങ്ങൾ മുഅ്മിനുകളുമാകില്ല. നിങ്ങൾക്ക് ഞാൻ ഒരു പ്രവർത്തനം അറിയിച്ചു തരട്ടെയോ; അത് ചെയ്താൽ നിങ്ങൾ പരസ്പരം സ്നേഹിക്കും. നിങ്ങൾക്കിടയിൽ സലാം വർദ്ധിപ്പിക്കുക." (മുസ്ലിം: ൫൪)

ശൈഖ് ഉഥൈമീൻ -رَحِمَهُ اللَّهُ- പറഞ്ഞു: "നബി -صلى الله عليه وسلم- പറഞ്ഞതെത്ര സത്യമാണ്! സലാം പ്രചരിപ്പിക്കുക എന്നത് പരസ്പരം സ്നേഹമുണ്ടാക്കുമെന്നതിൽ സംശയമില്ല. ഒരാൾ നിന്നെ കണ്ടുമുട്ടിയിട്ടും നിന്നോട് സലാം പറയുന്നില്ലെങ്കിൽ നിന്റെ മനസ്സിൽ അയാളോട് വെറുപ്പുണ്ടാകുന്നു; അയാൾ സലാം പറഞ്ഞാലാകട്ടെ നിനക്ക് ഇഷ്ടവും ഉണ്ടാകുന്നു." (ശർഹുരിയാദിസ്സ്വാലിഹീൻ: ൪/൩൭൨)

മുസ്ലിം ഉമ്മത്തിലെ ഐക്യം നിലനിർത്തുന്നതിൽ നബി -صلى الله عليه وسلم- എത്രമാത്രം ശ്രദ്ധിച്ചിരുന്നുവെന്ന് അവിടുത്തെ ചരിത്രം വായിക്കുന്ന ആർക്കും ബോധ്യപ്പെടും. അവരിൽ ചിലർക്ക് കാര്യം മനസ്സിലാകുമോ എന്ന സന്ദേഹം മൂലം -ചില നന്മകൾ പ്രാവർത്തികമാക്കാതെ- അവിടുന്ന് പിന്തിച്ചു. മക്കയിലെ മുശ്രിക്കുകൾ കഅ്ബ പണിതുയർത്തിയത് ഇബ്രാഹീം നബി -عَلَيْهِ السَّلَامُ- അത് പണി കഴിപ്പിച്ചതു പോലെയല്ലായിരുന്നു. ഇബ്രാഹീം പണി കഴിപ്പിച്ചതു പോലെ കഅ്ബ പുതുക്കി പണിയണമെന്ന് അവിടുത്തേക്ക് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ അവിടുന്ന് അപ്രകാരം ചെയ്തില്ല. അതിന്റെ കാരണമായി തന്റെ പതി ആഇശ-رَضِيَ اللَّهُ عَنْهَا-യോട് അവിടുന്ന് പറഞ്ഞു:

«لَوْلَا أَنَّ قَوْمَكِ حَدِيثُو عَهْدٍ بِشِرْكٍ، لَهَدَمْتُ الْكَعْبَةَ، فَأَلْزَقْتُهَا بِالْأَرْضِ، وَجَعَلْتُ لَهَا بَابَيْنِ: بَابًا شَرْقِيًّا، وَبَابًا غَرْبِيًّا، وَزِدْتُ فِيهَا سِتَّةَ أَذْرُعٍ مِنَ الْحِجْرِ، فَإِنَّ قُرَيْشًا اقْتَصَرَتْهَا حَيْثُ بَنَتِ الْكَعْبَةَ»

"നിന്റെ സമൂഹം ശിർക്കിൽ നിന്ന് അടുത്തു മാത്രം ഇസ്ലാമിലേക്ക് വന്നവരാണ്; അല്ലായിരുന്നെങ്കിൽ ഞാൻ കഅ്ബ പൊളിക്കുകയും, അത് ഭൂമിയോട് ചേർക്കുകയും ചെയ്യുമായിരുന്നു. എന്നിട്ട് കിഴക്കും പടിഞ്ഞാറും ഭാഗത്തായി രണ്ട് വാതിലുകൾ അതിൽ പണിയുകയും, ഹിജ്ർ (ഇസ്മാഈലിന്റെ) ഭാഗത്ത് നിന്ന് ആറു മുഴം കഅ്ബയിലേക്ക് കൂട്ടിച്ചേർക്കുകയും ചെയ്യുമായിരുന്നു. ഖുറൈഷികൾ കഅ്ബ പണിതപ്പോൾ അതിൽ കുറവ് വരുത്തിയിരിക്കുന്നു." (മുസ്ലിം: ൧൩൩൩)

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ -رَحِمَهُ اللَّهُ- പറഞ്ഞു: "ഹൃദയങ്ങൾ പരസ്പരം ഒരുമിപ്പിക്കുന്നതിനായി ഇത്തരം ഐഛികമായ ചിലത് ഒരാൾക്ക് ഒഴിവാക്കാം; അത് മുസ്തഹബ്ബാണ് (സുന്നത്ത്). കാരണം ഒരുമ കൊണ്ട് ദീനിൽ സംഭവിക്കുന്ന നന്മയാണ് ഇത്തരം നന്മകൾ പ്രവർത്തിക്കുന്നതിനെക്കാൾ മഹത്തരമായിട്ടുള്ളത്. (നിസ്കാരത്തിൽ) ബിസ്മി ഉറക്കെ ചെല്ലണമോ പതുക്കെ ചെല്ലണമോ എന്ന വിഷയത്തിലുള്ള സംസാരം ഇതിന് ഉദാഹരണമാണ്. നബി -ﷺ- കഅ്ബ പുതുക്കി പണിയുക എന്നത് ഹൃദയങ്ങൾ ഒരുമിക്കുന്നതിന് വേണ്ടി ഒഴിവാക്കിയത് പോലെയാണ് ഇത്." (മജ്മൂഉൽ ഫതാവ: ൨൨/൪൦൭)

ഒരു നന്മ ജനങ്ങൾക്കിടയിൽ പുതുതായി സ്ഥാപിക്കുക എന്നത് കൊണ്ട് ആ നന്മയെക്കാൾ വലിയ ഫിത്നയും ഭിന്നിപ്പും മുസ്ലിംകൾക്കിടയിൽ ഉണ്ടാകുമെങ്കിൽ അത് താൽക്കാലികമായി പിന്തിക്കാം എന്ന് ശൈഖുൽ ഇസ്ലാമിന്റെ വാക്കിൽ നിന്ന് മനസ്സിലാക്കാം.

നിസ്കാരത്തിലെ ബിസ്മിയുടെ കാര്യം അദ്ദേഹം ഉദാഹരണമായി കൊടുത്തു. ഒരു മസ്ജിദിൽ നിസ്കാരത്തിന് വരുന്ന ബഹുഭൂരിപക്ഷം പേർക്കും നിസ്കാരത്തിൽ ബിസ്മി പതുക്കെയാണ് ചൊല്ലേണ്ടത് എന്ന സുന്നത്ത് അറിയില്ലെങ്കിൽ അവർക്കത് പഠിപ്പിച്ചു നൽകിയതിന് ശേഷമേ അത് പ്രാവർത്തികമാക്കേണ്ടതുള്ളൂ; ഇനി അത് പഠിപ്പിച്ചു നൽകാൻ പോലും സാധിക്കാത്തത്ര അജ്ഞതയുള്ളവരാണ് അവരെങ്കിൽ -സുന്നത്ത് പിൻപറ്റേണ്ടതിന്റെ പ്രാധാന്യവും, സ്വഹീഹായ ഹദീഥുകളാണ് തെളിവുകളായി അവലംബിക്കേണ്ടതെന്ന കാര്യവുമെല്ലാം- അവർക്ക് പഠിപ്പിച്ചു നൽകണം. അങ്ങനെ അവരെ സത്യത്തിലേക്ക് അടുപ്പിക്കണം.

ഈ പറഞ്ഞതിന്റെ അർഥം നാട്ടിൽ പ്രശ്നമുണ്ടാകുമെങ്കിൽ ദീനിൽ പെട്ട ഒരു സത്യവും പറയരുതെന്നല്ല. ശിർക്കും ബിദ്അത്തുകളും പോലെ ഗൗരവമുള്ള തിന്മകൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ അതിനെ തിരുത്തുക തന്നെ വേണം; കാരണം അവിടെ ഭിന്നിപ്പുണ്ടാകുക എന്ന കുഴപ്പത്തെക്കാൾ വലുത് ശിർക്കിലും ബിദ്അത്തിലും ആ സമൂഹം നിലനിൽക്കുക എന്നതാണ്.

മുസ്ലിം ഉമ്മത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കുക എന്നത് എത്ര മാത്രം പ്രാധാന്യമുള്ള വിഷയമാണെന്ന് മേൽ പറഞ്ഞതിൽ നിന്നെല്ലാം മനസ്സിലാകും. ഭിന്നിപ്പും കക്ഷിത്വവും മുസ്ലിം ഉമ്മത്തിന്റെ നാശത്തിനും പരാജയത്തിനുമാണ് കാരണമാവുക. അല്ലാഹു -تَعَالَى- പറഞ്ഞു:

«وَأَطِيعُوا اللَّهَ وَرَسُولَهُ وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ وَاصْبِرُوا إِنَّ اللَّهَ مَعَ الصَّابِرِينَ»

"അല്ലാഹുവെയും അവന്റെ റസൂലിനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. നിങ്ങൾ ഭിന്നിച്ചു പോകരുത്. എങ്കിൽ നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുകയും നിങ്ങളുടെ വീര്യം (നശിച്ചു) പോകുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരുടെ കൂടെയാകുന്നു." (അൻഫാൽ: ൪൬)

മുൻകാലക്കാരെ പോലെ ഭിന്നിക്കരുതെന്ന് അല്ലാഹു മുസ്ലിമീങ്ങളെ താക്കീത് ചെയ്തിരിക്കുന്നു. അല്ലാഹു -تَعَالَى- പറഞ്ഞു:

«وَلَا تَكُونُوا كَالَّذِينَ تَفَرَّقُوا وَاخْتَلَفُوا مِنْ بَعْدِ مَا جَاءَهُمُ الْبَيِّنَاتُ وَأُولَئِكَ لَهُمْ عَذَابٌ عَظِيمٌ»

"വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്." (ആലു ഇംറാൻ: ൧൦൫)

ദീനിനെ കക്ഷികളാക്കി തീർക്കുകയും, പാർട്ടികളായി മാറുകയും ചെയ്തത് മുശ്രിക്കുകളാണ്; അവരോടൊരിക്കലും മുസ്ലിമിന് സാദൃശ്യമുണ്ടായി കൂട. ഭിന്നിപ്പും കക്ഷിത്വവും ഹൃദയങ്ങൾ തമ്മിലുള്ള അകൽച്ചയും മുസ്ലിംകളുടെ അടയാളമല്ല; മുനാഫിഖുകളുടേതാണ്. അല്ലാഹു -تَعَالَى- പറഞ്ഞു:

«بَأْسُهُمْ بَيْنَهُمْ شَدِيدٌ تَحْسَبُهُمْ جَمِيعًا وَقُلُوبُهُمْ شَتَّى ذَلِكَ بِأَنَّهُمْ قَوْمٌ لَا يَعْقِلُونَ»

"അവർ തമ്മിൽ തന്നെയുള്ള പോരാട്ടം കടുത്തതാകുന്നു. അവർ ഒരുമിച്ചാണെന്ന് നീ വിചാരിക്കുന്നു. അവരുടെ ഹൃദയങ്ങൾ ഭിന്നിപ്പിലാകുന്നു. അവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഒരു ജനതയായത് കൊണ്ടത്രെ അത്." (ഹഷ്ർ: ൧൪)

മുനാഫിഖുകളുടെ അടയാളമാണ് പരസ്പരമുള്ള ഭിന്നിപ്പും മനസ്സുകൾ തമ്മിലുള്ള അകൽച്ചയുമെന്നും ഓർമ്മപ്പെടുത്തിയപ്പോൾ തന്നെ അല്ലാഹു -تَعَالَى- അതിന്റെ കാരണം കൂടി വ്യക്തമാക്കിയത് നോക്കൂ: "അവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഒരു ജനതയായത് കൊണ്ടത്രെ അത്."

ചിന്തിക്കുകയും കാര്യങ്ങളെ വേണ്ടവിധം പരിഗണിക്കുകയും ചെയ്യാത്തവരാണ് ഭിന്നിപ്പിൽ അകപ്പെടുക എന്നതിന് ഈ ആയത്തിൽ സൂചനയുണ്ട്. കാരണം "അവർക്ക് ബുദ്ധിയുണ്ടായിരുന്നെങ്കിൽ ശ്രേഷ്ഠമായതിനെ ഒഴിവാക്കി തരംതാഴ്ന്ന അവസ്ഥയെ അവർ സ്വീകരിക്കില്ലായിരുന്നു. രണ്ടു വഴികളിൽ ഏറ്റവും മ്ലേഛമായത് അ

വർ തിരഞ്ഞെടുക്കില്ലായിരുന്നു. (അവർക്ക് ബുദ്ധിയുണ്ടായിരുന്നെങ്കിൽ) അവരുടെ മനസ്സുകൾ യോജിച്ച് നിൽക്കുകയും, അവരുടെ വാക്കുകൾ ഏകമാവുകയും ചെയ്യുമായിരുന്നു." (തഫ്സീറുസ്സഅ്ദി: ൮൫൨)

ഈ പറഞ്ഞതിൽ -മുസ്ലിം സമൂഹമേ!- നമുക്ക് വലിയ പാഠമുണ്ട്. **നാം ചിന്തിക്കുന്നവരും, അല്ലാഹുവിന്റെ ദീനിനെ പരിഗണിക്കുന്നവരും, സത്യസന്ധതയുള്ളവരുമായിരുന്നെങ്കിൽ ഇക്കാണുന്ന ഭിന്നിപ്പും കക്ഷിത്വവും നമുക്കിടയിൽ ഉണ്ടാകാൻ പാടില്ലായിരുന്നു. നാം ഒരേ മനസ്സോടെ മുന്നേറേണ്ടതായിരുന്നു. എന്നാൽ നമ്മുടെ അവസ്ഥയെന്താണ്?!** അല്ലാഹുവല്ലാതെ മറ്റാരും നമ്മെ ഇതിൽ നിന്ന് കരകയറ്റാനില്ല. അവനോടല്ലാതെ നമുക്ക് ആവലാതി ബോധിപ്പിക്കാനുമില്ല.

മുനാഫിഖുകളുടേത് മാത്രമല്ല; മുശ്രിക്കുകളുടെയും അടയാളം ഭിന്നിപ്പും കക്ഷിത്വവും തന്നെ-യാ-ണ്. അല്ലാഹു -تَعَالَى- പറഞ്ഞു:

«وَلَا تَكُونُوا مِنَ الْمُشْرِكِينَ * مِنَ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا كُلُّ حِزْبٍ بِمَا لَدَيْهِمْ فَرِحُونَ»

"നിങ്ങൾ മുശ്രിക്കുകളുടെ കൂട്ടത്തിലായിപ്പോകരുത്. അതായത്, തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും, പലകക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ." (റൂം: ൩൧-൩൨)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ശൈഖ് നാസ്വിർ അസ്സഅ്ദി -رَحِمَهُ اللَّهُ- തന്റെ തഫ്സീറിൽ (പേ: ൬൪൦) പറഞ്ഞു: "മുസ്ലിംകൾ ഛിന്നഭിന്നമായി തീരുകയും, കക്ഷികളായി മാറി ഓരോ കക്ഷികളും തങ്ങളുടെ പക്കലുള്ള സത്യത്തിന്റെയും അസത്യത്തിന്റെയും പേരിൽ വിഭാഗീയതയുണ്ടാക്കുകയും ചെയ്യുന്നതിൽ നിന്നുള്ള ശക്തമായ താക്കീതാണ് ഈ ആയത്തിൽ ഉള്ളത്. അപ്രകാരം സംഭവിച്ചാൽ മുശ്രിക്കുകളോടാണ് അവർക്ക് സാദൃശ്യമുണ്ടായിരിക്കുന്നത്.

**ദീൻ ഒന്നു മാത്രമാണ്. നമ്മുടെ റസൂലും ഒന്നു തന്നെ. നമ്മുടെ ഇലാഹും റബ്ബും ഒരുവൻ തന്നെ. ദീനിലെ ബഹുഭൂരിപക്ഷം വിഷയങ്ങളും പണ്ഡിതന്മാർക്കും ഇമാമീങ്ങൾക്കും ഇടയിൽ യോജിപ്പുള്ളവയാണ്. ഈമാനികമായ സാഹോദര്യമാകട്ടെ, മുസ്ലിംകൾക്കിടയിൽ അല്ലാഹു ശക്തമായി ഉറപ്പിക്കുകയും ചെയ്തിരിക്കുന്നു.**

**എന്നാൽ ഇതെല്ലാമുണ്ടായിട്ടും; ഈ പറഞ്ഞതെല്ലാം തിരസ്കരിക്കുകയും, ഭിന്നിപ്പും ഛിദ്രതയും മുസ്ലിംകൾക്കിടയിൽ പടുത്തുയർത്തുകയും ചെയ്യുക എന്നത് എന്തു മാത്രം ഗൗരവമുള്ളതാണ്?! അതാകട്ടെ, വളരെ അവ്യക്തമായ മസ്അലകളുടെയും, അഭിപ്രായ**

**വ്യത്യാസം നിലനിൽക്കുന്ന ശാഖാപരമായ വിഷയങ്ങളുടെയും പേരിലും!**

**എന്നിട്ട് ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ വഴിപിഴച്ചവർ എന്നു വിശേഷിപ്പിക്കുകയും, അവരിൽ ചിലർ മറ്റു ചിലരിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്യുന്നു! പിശാചിന്റെ ദുർബോധനങ്ങളിൽ ഏറ്റവും വലുതും, അവന്റെ തന്ത്രങ്ങളിൽ ഏറ്റവും ഗൗരവമുള്ളതും ഇതല്ലാതെ മറ്റെന്താണ്?!"**

അല്ലാഹു ശൈഖ് നാസ്വിർ അസ്സഅ്ദിയുടെ മേൽ കാരുണ്യം ചൊരിയട്ടെ! ഈ മഹത്തായ വാക്കുകളുടെ പേരിൽ അല്ലാഹു അദ്ദേഹത്തെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യട്ടെ! എത്ര വലിയ സത്യമാണ് അദ്ദേഹം പറഞ്ഞത്?! എന്തു മാത്രം മനസ്സിന് ആശ്വാസമാണ് അദ്ദേഹത്തിന്റെ വാക്കുകളിലുള്ളത്?! എന്നാൽ കേൾക്കുന്നവരും -പിൻപറ്റുന്നവരും- ആരെങ്കിലുമുണ്ടോ?!

ഇതെല്ലാം വായിച്ചിട്ടും കേട്ടിട്ടും മനസ്സിൽ യാതൊരു ചലനവുമുണ്ടാകുന്നില്ലെങ്കിൽ; തങ്ങളുടെ കക്ഷിത്വത്തിലും ഭിന്നിപ്പിലും തന്നെ തുടരാനും, മുസ്ലിം സമൂഹത്തിന്റെ ഒരുമയുടെ വഴികളിൽ -വാക്കുകളായും എഴുത്തായും ഷെയറും കമൻറുമായും- മുള്ളുകൾ വാരിവിതറാനുമാണവർ ആഗ്രഹിക്കുന്നതെങ്കിൽ -!-; അല്ലാഹുവിന്റെ വാക്കുകൾ അവർ കേൾക്കട്ടെ:

«إِنَّ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا لَسْتَ مِنْهُمْ فِي شَيْءٍ إِنَّمَا أَمْرُهُمْ إِلَى اللَّهِ ثُمَّ يُنَبِّئُهُمْ بِمَا كَانُوا يَفْعَلُونَ»

"തങ്ങളുടെ മതത്തിൽ ഭിന്നതയുണ്ടാക്കുകയും, കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിങ്കലേക്ക് തന്നെയാണ് (മടക്കപ്പെടുന്നത്.) അവർ ചെയ്തു കൊണ്ടിരുന്നതിനെപ്പറ്റി അവൻ അവരെ അറിയിച്ച് കൊള്ളും." (അൻആം: ൧൫൯)

ഇബ്നു കഥീർ -رَحِمَهُ اللَّهُ- പറഞ്ഞു: "അല്ലാഹുവിന്റെ ദീനിൽ നിന്ന് അകന്നു പോവുകയും, അതിനോട് എതിരാവുകയും ചെയ്ത എല്ലാവർക്കും ഈ ആയത്ത് ബാധകമാണ്. തീർച്ചയായും അല്ലാഹു -تَعَالَى- അവന്റെ റസൂലിനെ സന്മാർഗവും സത്യമതവുമായി പറഞ്ഞയച്ചത് മറ്റെല്ലാ മതങ്ങളുടെയും മീതെ അതിന് വിജയമുണ്ടാകുന്നതിനാണ്. അല്ലാഹുവിന്റെ ദീനാകട്ടെ; അത് ഒന്നു മാത്രമാണ്. അതിൽ അഭിപ്രായ വ്യത്യാസങ്ങളോ ഭിന്നതകളോ ഇല്ല.

ആരെങ്കിലും അതിൽ അഭിപ്രായഭിന്നതയിലാവുകയും, കക്ഷികളായിത്തീരുകയും ചെയ്താൽ; അവരിൽ നിന്ന് നബി-ﷺ-യെ അല്ലാഹു മുക്തനാക്കിയിരിക്കുന്നു... അതിനാൽ -ഇതാ!- ഇതാകുന്നു സ്വിറാത്തുൽ മുസ്തഖീം (നേരായ മാർഗം). അല്ലാ

ഹുവിന് മാത്രം ഇബാദത് നൽകുകയും, അന്തിമ നബിയുടെ മാർഗം മുറുകെപിടിക്കലുമാണത്. അതിനോട് വിരുദ്ധമായതെല്ലാം വഴികേടുകളും അജ്ഞതയും കേവലാഭിപ്രായങ്ങളും ദേഹേഛകളും മാത്രമാണ്. അല്ലാഹുവിന്റെ നബിമാർ അതിൽ നിന്നെല്ലാം ഒഴിവാണ്." (തഫ്സീറു ഇബ്നി കഥീർ: ൩/൩൭)

അല്ലാഹു നമ്മെ -മുസ്ലിമീങ്ങളെ- സത്യത്തിന് മേൽ ഒരുമിപ്പിക്കട്ടെ!

سُبْحَانَ رَبِّكَ رَبِّ العِزَّةِ عَمَّا يَصِفُونَ، وَسَلَامٌ عَلَى المُرْسَلِينَ، وَالحَمْدُ لِلَّهِ رَبِّ العَالَمِينَ.

كَتَبَهُ: أَبُو تُرَاب عَبْد المُحْسِن بْنُ سَيِّد عَلِي عَيْدِيد

-غَفَرَ اللَّهُ لَهُ وَلِوَالِدَيْهِ وَلِجَمِيعِ المُسْلِمِينَ-

ഇസ്ലാമിക ലേഖനങ്ങൾക്കും ക്ലാസുകൾക്കും സന്ദർശിക്കുക

alaswala.com